

ടോർച്ച് ഹോട്ടൽ, ദോഹ. 47 നിലകളുള്ള ദോഹയിലെ ഏറ്റവും വലിയ ഹോട്ടൽ



ജോർദാനിലെ ചാവുകടൽ

# ജിഗാ ഇമേജുകളുടെ വിസ്മയലോകം

**വെർച്വൽ റിയാലിറ്റി ഫോട്ടോകളും ജിഗാ ഇമേജുകളും ചേർത്ത് ലീൻ തോബിയാസ് സൃഷ്ടിക്കുന്നലോകത്തെക്കുറിച്ച് എം. രാജശേഖര പണിക്കർ**

ലീൻ തോബിയാസ്,



അമ്മയുടെ ജനറൽ ബോഡിയോഗം. ഓരോ സിനിമാതാരങ്ങളേയും വ്യക്തമായി കാണാം





ശ്രീലങ്കയിലെ ദാംബുള്ള ഗുഹാക്ഷേത്രത്തിലെ ശയിക്കുന്ന ബുദ്ധൻ

> പാശ്ചാത്യലോകത്ത് എഫ്ഐബി ഇതിനെ ക്രൈം ഫോട്ടോഗ്രഫി എന്നാണ് വിളിക്കുക. ക്രൈം സ്പോട്ടിന്റെ സമ്പൂർണ്ണ രംഗങ്ങളും പൊലീസ് ഫോട്ടോഗ്രാഫർ 360 ഡിഗ്രി ചിത്രങ്ങളിൽ ഷൂട്ട് ചെയ്യുന്നു. അന്വേഷണോദ്യോഗസ്ഥൻ മാറിയാലും മാറാത്ത തെളിവാകുമിത്



ശ്രീ പത്മനാഭസ്വാമി ക്ഷേത്രഗോപുരത്തിന്റെ ജിഗാ ഇമേജ്

ഏകമുഖമായ ഫ്ളാറ്റ് ഫോട്ടോഗ്രഫിയുടെ എല്ലാ പരിമിതികളേയും വെല്ലുവിളിച്ച് വെർച്വൽ 360 ഫോട്ടോഗ്രഫിയും അതിനപ്പുറം നൂതന സാങ്കേതികവിദ്യയായ ജിഗാ ഇമേജുകളുമായി ലീൻ തോബിയാസ് നമ്മെ അമ്പരപ്പിച്ചുകൊണ്ടിരിക്കുന്നു. വെർച്വൽ റിയാലിറ്റി ഫോട്ടോഗ്രാഫർ എന്തുകാണുന്നുവോ അതിന്റെ സൂക്ഷ്മാംശങ്ങൾവരെ ദൃശ്യചാരുത ചോർന്നുപോകാതെ നമ്മളിലേക്ക് പകരുന്നു. നാമും ആ ദൃശ്യത്തിനു സാക്ഷിയാകാൻ കഴിയും വണ്ണം ദൃശ്യം നമ്മുടെ മുമ്പിൽ വിടരുകയാണ് ചെയ്യുന്നത്. വെർച്വൽ റിയാലിറ്റി എന്നാൽ കേരളത്തിൽ ലീൻ തോബിയാസ് ആണ്. ഹൈ ഡൈനാമിക് റേഞ്ച് ഇമേജറികളിലൂടെ അസാധാരണമായ ജിഗാ ഇമേജുകൾ തോബിയാസ് സൃഷ്ടിക്കുന്നത് ടെലി ലെൻസ് ഉപയോഗിച്ച് ഷൂട്ടുചെയ്യുന്ന ആയിരക്കണക്കിന് ഫോട്ടോകൾ പ്രത്യേക സംവിധാനങ്ങളിലൂടെ വിദഗ്ധമായി എഡിറ്റ് ചെയ്താണ്. അത്തരം ചിത്രങ്ങളിൽ സമീപകാലത്ത് ലോകത്തെ ഏറ്റവും സമ്പന്നമായ ക്ഷേത്രം എന്നു ഖ്യാതിനേടിയ അനന്തപദ്മ നാഭസ്വാമി ക്ഷേത്രഗോപുരത്തിന്റെ ഫോട്ടോ വേറിട്ടു നിൽക്കുന്നു. താഴെ നിന്നോ, ബൈനോക്കുലേഴ്സ് ഉപയോഗിച്ചോ പോലും ദൃശ്യസാധ്യതയില്ലാത്ത ശില്പങ്ങളും അവയുടെ സൂക്ഷ്മഭാവങ്ങൾപോലും നമുക്ക് ഗോപുരത്തിന്റെ ജിഗാ ഇമേജിലൂടെ കാണാം. 800 എം ടെലി-ലെൻസ് ഉപയോഗിച്ചാണ് അത് ചിത്രീകരിച്ചത്. ഗോപുരത്തിലെ വിഗ്രഹങ്ങളുടെ കണ്ണുകൾ പോലും സ്പഷ്ടമായി കാണാം. ഈ 19 ജിബി ഇമേജിന് ഇൻഡ്യയിലെ ഏറ്റവും വലിയ ഫോട്ടോ ഇമേജ് എന്ന നിലയിൽ തോബിയാസിന് ലിംകാ ബുക്ക് ഓഫ് റെക്കാഡ്സിൽ അംഗീകാരം നേടിക്കൊടുക്കുകയുണ്ടായി. "ഞാൻ പോലും ഇത്ര അടുത്ത് ഈ ശിൽപങ്ങൾ കണ്ടിട്ടില്ല," എന്ന് മഹാരാജാവ് അഭിപ്രാ യപ്പെട്ടതായി തോബിയാസ് പറയുന്നു. വെബ്സൈറ്റിൽ ഈ ചിത്രംവന്നു ഏതാനും മണിക്കൂറുകൾക്കകം ഒരു ലക്ഷം വിസിറ്റേഴ്സാണ് ഈ ചിത്രം കണ്ടത്. ഇതിനു മുമ്പ്, "എന്റെ ഗന്ധർവൻ" എന്ന പേരിൽ കെ.ജെ. യേശുദാസിന്റെ ആദ്യത്തെ ഫോട്ടോ ബയോഗ്രഫിക്കാണ് ലിംകാ ബുക്കിന്റെ അംഗീകാരം തോബിയാസിന് ലഭിച്ചത്. കേരള ടൂറിസം അവാർഡും തോബിയാസിനെ തേടിയെത്തുകയുണ്ടായി. "പത്മനാഭസ്വാമി ക്ഷേത്രത്തിനു ശേഷം, മധുര മീനാക്ഷി ക്ഷേത്രം, ഖജൂരാഹോ, ദോഹാ സിറ്റി, കാൻഡി എന്നിവയുടെ ജിഗാ ഇമേജുകൾ ആയി. മധുര മീനാക്ഷി ക്ഷേത്രത്തിന് 60 ജിബിയും, ദോഹ, കാൻഡി എന്നീ ഇമേജുകൾക്ക് 100 ജിബിയുമാണ്. ഏഴു ക്ഷേത്രങ്ങളടങ്ങുന്ന ഖജൂരാഹോവിലെ ഒരു ക്ഷേത്രത്തിനുതന്നെ 90 ജിബിയുണ്ടാകും," തോബിയാസ് പറയുന്നു. ഇൻഡ്യാഗേറ്റിലെ രേഖപ്പെടുത്തിയ രക്തസാക്ഷികളുടെ പേരുകൾ ബൈനോക്കുലേഴ്സുകൊണ്ടു പോലും വായിക്കുക ശ്രമകരമെന്നിരിക്കെ ജിഗാ ഇമേജിലൂടെ സുവ്യക്തമായി കാണാനാകും. നാസാ വികസിപ്പിച്ചെടുത്ത ഈ സാങ്കേതികവിദ്യക്കുവേണ്ട ഉപകരണങ്ങൾ യുഎസിൽനിന്നാണ് വരുത്തിയത്. കൊച്ചി ഗസ്റ്റ്ഹൗസിന് സമീപമുള്ള ഉയരമുള്ള ഒരു ഹോട്ടലിന്റെ മുകളിൽ നിന്നെടുത്ത കൊച്ചിയുടെ 400ൽപരം ഇമേജുകൾ തുന്നിച്ചേർത്ത് നഗരത്തിന്റെ ഒരു പനോരമിക് കാഴ്ച തോബിയാസ് സൃഷ്ടിച്ചു. തോബിയാസ് 360 ഡിഗ്രി ത്രീ ഡൈമെൻഷണൽ ഇമേജുകൾ സൃഷ്ടിക്കുന്നത് പ്രത്യേകതരം ലെൻസുകൾ റൊട്ടേഷണൽ ക്യാമറകളിൽ ഘടിപ്പിച്ചാണ്. കഴുത്തുപോലെ തിരിയുന്ന ഈ ക്യാമറകൾ ഒരു രംഗത്തിന്റെ ഉപരിഭാഗവും അധോഭാഗവും പാർശ്വഭാഗങ്ങളും ഒപ്പിയെടുക്കാവുന്ന തരത്തിലാണ്. ഈ ഇമേജുകളാണ് ഇന്റർനെറ്റ് ഉപയോഗിച്ച് ഇലക്ട്രോണിക്കലായി സംഭവസ്ഥത്തുനിന്ന് വീക്ഷിക്കുന്ന നിലയിൽ രൂപപ്പെടുത്തിയെടുക്കുന്നത്. ഫോട്ടോഗ്രഫിയിലെ അനേകവർഷത്തെ പരിചയവും തോംസൺ ഫൗണ്ടേഷനി ലെയും ഐഎഫ്ആർഎ ഏഷ്യ, ലൈറ്റ് ഓഫ് അക്കാഡമി ഇൻഡ്യ എന്നിവിടങ്ങളിലെ പരിശീലനവും, എല്ലാത്തിലമുപരി ഈ മേഖലകളിലെ പരീക്ഷണങ്ങൾക്കുള്ള ഒടുങ്ങാത്ത ആവേശവുമാണ് തോബിയാസിനെ വിആർ ഫോട്ടോഗ്രഫിയിൽ പകരക്കാരില്ലാത്തവണ്ണം മുൻനിരയിലെത്തിച്ചത്.

വെർച്വൽ 360 ഡിഗ്രി ഇമേജ്, സമ്പൂർണ്ണ വസ്തുവും 180 ഡിഗ്രി മുകളിലേക്കും 180 ഡിഗ്രി താഴേക്കും, 360 ഡിഗ്രി ചുറ്റിലുമായി ദൃഷ്ടിയിലേക്ക് കൊണ്ടുവരുന്നു. കാഴ്ചക്കാരന് കയ്യിലെ വസ്തുപോലെ തിരിച്ചും മറിച്ചും എവിടെയും കാണാം, എവിടെയും സൂം ചെയ്യാം. ചെന്നൈയും ബങ്കളൂരുവിലും ഡൽഹിയിലും മുംബൈയിലും മാത്രമുണ്ടായിരുന്ന ഈ നൂതനവിദ്യ കേരളത്തിലേക്ക് കൊണ്ടുവരികയും അതിന്റെ അനന്തമായ സാധ്യതകളെക്കുറിച്ച് കേരളീയ സമൂഹത്തെ ബോധവൽക്കരിക്കുകയും ചെയ്തതാണ് തോബിയാസിന്റെ മഹത്തായ സംഭാവന. ഈ ഫോട്ടോഗ്രഫിക്ക് കുറ്റാന്വേഷണം, ബിസിനസ് ശാസ്ത്രം, ടൂറിസം മേഖലകളിൽ വമ്പിച്ച സാധ്യതയുണ്ട്. പാശ്ചാത്യലോകത്ത് എഫ്ഐബി ഇതിനെ ക്രൈം ഫോട്ടോഗ്രഫി എന്നാണ് വിളിക്കുക. ക്രൈം സ്പോട്ടിന്റെ സമ്പൂർണ്ണ രംഗങ്ങളും പൊലീസ് ഫോട്ടോഗ്രാഫർ 360 ഡിഗ്രി ചിത്രങ്ങളിൽ ഷൂട്ട് ചെയ്യുന്നു. അന്വേഷണ ഉദ്വേഗസ്ഥൻ മാറിയാലും സംസാരിക്കുന്ന ഈ ചിത്രങ്ങൾ തെളിവാകും. ഒരു പ്രൊഡക്ടിന്റെ ടോട്ടൽ പിക്ചർ വസ്തു കാണാതെ കാണാം. ഒരു ഫ്ളാറ്റിന്റെ, ഓഫീസിന്റെ, അപാർട്ട്മെന്റിന്റെ, ചരിത്രസ്മാരകത്തിന്റെ, വാഹനത്തിന്റെ, പനോരമ ദൃശ്യം മതി ആ വസ്തുവിന്റെ പൂർണ്ണരൂപം ലഭിക്കാൻ. ക്യാമറയും കമ്പ്യൂട്ടറും ചേർന്നാണ് ഈ ദൃശ്യവിസ്മയമൊരുക്കുന്നത്. ഷൂട്ടുചെയ്ത ചിത്രങ്ങൾ ഹൈ ഡൈനാമിക് പിക്ചർ റേഞ്ചിലേക്ക് മാറ്റി ഒറ്റ ദൃശ്യമാക്കുന്നു. ഫ്ളാഷിലുള്ള പനോരമ കാണുന്നതിന് 256 കെബിപിഎസിൽ കൂടുതലുള്ള ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ഷനും ഫ്ലാഷ് പ്ളെയറും, പനോരമയിലെ ശബ്ദശ്രവണത്തിന് ഓഡിയോ ഡ്രൈവേഴ്സും സ്പീക്കറുകളും വേണം. എല്ലാം ചേരുമ്പോൾ ഒരു സീനിന്റെ ദൃശ്യാനുഭവമാകുന്നു. ക്ഷേത്രങ്ങളും പള്ളികളും തോബിയാസിന് ഹരമാണ്, കാരണം, അതിന്റെ മനോഹാരിതതന്നെ. മൂകാംബികാ ക്ഷേത്രവും, വേളാങ്കണ്ണിയും ശ്രീ പത്മനാഭസ്വാമി ക്ഷേത്രവും അതിൽ ഏതാനും



തൃശൂർ പൂരം, സൂം ചെയ്താൽ ഓരോരുത്തരേയും സ്പഷ്ടമായി കാണാം.

ചിലതുമാത്രം. ബൈബിൾ കഥകളും ചരിത്രവും അത്ഭുതങ്ങളും പേറുന്ന മണ്ണിലൂടെ തോബിയാ സ് കണ്ട കാഴ്ചകൾ p4panorama.com നമുക്ക് കാട്ടിത്തരുന്നു. യേശു സഞ്ചരിച്ച നൂറോളം സ്ഥലങ്ങളിലൂടെ തോബിയാസ് സഞ്ചരിക്കുന്നു, നമുക്ക് കാട്ടിത്തരുന്നു. യേശുക്രിസ്തുവിന്റെ ജീവിതത്തിലെ സുപ്ര ധാന സംഭവങ്ങളുടെ ദൃശ്യാനുഭവങ്ങളാണ് തോബിയാസ് നമുക്ക് പകർന്ന് തരുന്നത്. വാഗ്ദത്ത ഭൂമിയും, നെബോ താഴ്‌വരയും, കന്യകാമറിയത്തിന്റെ ശവകുടീരവും, ബത്‌ല ഹേമിലെ നക്ഷത്രവും, ചാവുകടലും, ഗലീ ലി സമുദ്രവും നമുക്ക് കൺമുമ്പിൽ കാണുന്ന പോലെ അടുത്തു കാണാം. ലണ്ടൻ പാർലമെന്റ്, സെന്റ് പോൾസ് കത്തീഡ്രൽ, ബാങ്കോക്കിലെ ഗ്രാൻഡ് പാലസ് എന്നിവയും ഈ ശ്രേണിയിലെ ക്ലാസിക് ചിത്രങ്ങളാണ്. അനേകം ചിത്രങ്ങൾ

**ഈ വർഷം ഏഴു ലോകാത്ഭുത ങ്ങളുടെ പനോരമ ചിത്രങ്ങൾ പൂർത്തിയാക്കണം. താജ്മഹളും പിരമിഡും പൂർത്തിയായി.**



എടക്കൽ ഗുഹ, വയനാട്

ചേർത്ത് തയാറാക്കുന്ന ഒരു ഫ്രെയിമിന് ഒരു പനോരമ എന്നാണ് പറയുക. സോമതീരം റിസോർട്ട്, റാംദാ റിസോർട്ട്, റാവിസ്, ബാഹ്റൈൻ അറ്റ്‌ലസ് ജ്വല്ലറി, എന്നിവകളുടെ പനോരമകൾ വന്നതോടെ ബിസിനസ് രംഗത്ത് കൂടുതൽ റിസോർട്ടുകളും ഹോട്ടലുകളും റിയൽ എസ്റ്റേറ്റ് ബിസിന സുകാരും ഈ സങ്കേതം വ്യവസായികാടിസ്ഥാന ത്തിൽ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. വിവാഹങ്ങൾക്കും പനോരമ ഫോട്ടോഗ്രഫി ആവശ്യമുള്ളവരുണ്ട്. തിരുവനന്തപുരത്തെ ശാന്തിഗിരി ആശ്രമം, ബെത് സേദാ ഹോംസ്റ്റേ, ജറു സലെം റിട്രീറ്റ് സെന്റർ എന്നിവയും ശേഖരത്തിലുണ്ട്. എരുമേലി, ശബരിപീഠം, പമ്പ, പതിനെട്ടാം പടി, മാളികപ്പുറം, ഭസ്മക്കുളം, നീലിമല എന്നീ ശബരിമലയുടെ പുണ്യസങ്കേതങ്ങളും തോബിയാസിന്റെ വെബ് സൈറ്റിൽ കാണാ വുന്നതാണ്.

തോബിയാസ് കൂടുതൽ ഉയരങ്ങളിലേക്കു പോകുകയാണ്. ഇനി ഒരു ഹിമാലയയാത്ര, 2014ൽ! ഒരു ഒരു മൗസ്ക്ലിക്കിൽ മഞ്ഞും മാനസസരസും ആകാശത്തെ മുട്ടിയുരുമ്മി നിൽക്കുന്ന ഹിമഗിരിശൃം ഗങ്ങളും നമുക്ക് കാണാം, മറ്റാരും കാണാത്ത വ്യക്ത തയോടെ. “അതിനു മുമ്പ്, ഈ വർഷം ഏഴു ലോകാത്ഭുതങ്ങളുടെ പനോ രമ ചിത്രങ്ങൾ പൂർത്തി യാക്കണം. താജ്മഹളും ഈജിപ്റ്റിലെ പിരമിഡും ജോർദാനിലെ പെട്രായും പൂർത്തിയായി. ബാക്കി ഈ വർഷം പൂർത്തിയാക്കണം,” തോബിയാസ് ടിഎസ്ഐ യോടു പറഞ്ഞു. അതെ, കാത്തിരിക്കാം തോബിയാ സിൽനിന്നു കൂടുതൽ അത്ഭുതങ്ങൾക്കായി.